# മഹാശ്വേതാദേവി വീണ്ടും മൂലമ്പിള്ളിയിൽ

## ജനകീയ സമരസംഗമവും മൂലമ്പിള്ളിക്ക് ഐക്യദാർഢ്യവും

## 2011 ജൂൺ 3ന്

മൂന്ന് വർഷത്തിലധികമായി കുടിയൊഴിക്കപ്പെട്ട മൂലമ്പിള്ളിക്കാർക്ക് നീതിലഭിക്കാൻ കേരളത്തിലെ വിവിധ ജനകീയ സമരങ്ങളുടെ പ്രവർത്തകരും സാമൂഹികപ്രവർത്തകരും ഒത്തുകൂടുന്നു. മൂലമ്പിള്ളിയിലെ കുടിയൊഴിപ്പിക്കലിന്റെയും പൊലീസ്ക്രൂരതയുടെയും വിവരങ്ങൾ അറിഞ്ഞ് രണ്ട് വർഷം മുമ്പ് മൂലമ്പിള്ളിയിലെത്തിയ പ്രശസ്ത എഴുത്തുകാരിയും സാമൂഹികപ്രവർത്തകയുമായ മഹാശ്വേതാദേവി ജൂൺ 3ന് വീണ്ടും മൂലമ്പിള്ളിയിൽ എത്തുന്നു. കുടിയൊഴിപ്പിക്കപ്പെട്ടവർ സമരം ചെയ്ത് നേടിയെടുത്ത മൂലമ്പിള്ളി പാക്കേജിൽ പറയുന്ന പുനരധിവാസ സൗകര്യങ്ങൾ മൂലമ്പിള്ളിക്കാർക്ക് നൽകാൻ പടിയിറങ്ങുമ്പോഴും ഇടതു സർക്കാറിന് കഴിഞ്ഞിട്ടില്ല. ഭരണമാറ്റത്തിന്റെ പശ്ചാ



ത്തലത്തിൽ മൂലമ്പിള്ളി പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കാണാൻ പുതിയ സർക്കാറിനോട് ആവശ്യപ്പെടുകകൂടിയാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. വല്ലാർപ്പാടം പോലെയുള്ള വൻകിട വികസനപദ്ധതികളുടെ മറുവശം പൊതുസമൂഹത്തിന് മുന്നിൽ തുറന്ന് കാട്ടാനും ഈ കൂട്ടായ്മ ശ്രമിക്കുന്നു. ഒപ്പം കേരളത്തിലെ ജനകീയ സമരങ്ങൾക്ക് പുതിയ സർക്കാറിന് മുന്നിൽ വയ്ക്കാനുള്ള ആവശ്യങ്ങൾ ക്രോഡീകരിക്കുന്നതിനും ജനകീയസമരങ്ങളുടെ രാഷ്ട്രീയത്തെ തുടർന്നും കൂടുതൽ ചലനാത്മകമാക്കുന്നതിനും വേണ്ടി മൂലമ്പിള്ളിയിൽ വച്ച് ജനകീയ സമരപ്രവർത്തകരുടെ സംഗമവും സംഘടിപ്പിക്കുന്നു. ജൂൺ 3ന് രാവിലെ 10 മണിക്ക് മൂലമ്പിള്ളിയിൽ വച്ചാണ് ജനകീയ സമരസംഗമം. തുടർന്ന് വൈകീട്ട് 4 മണിക്ക് നടക്കുന്ന മൂലമ്പിള്ളി ഐക്യദാർഢ്യ സമ്മേളനത്തിൽ മഹാശ്വേതാദേവിയോടൊപ്പം കേരളത്തിലെ വിവിധ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കും. താങ്കളും എത്തുമല്ലോ?

ബന്ധങ്ങൾക്ക്: 9446576943, 9496565195

---

5. ഇലകൾ പൊഴിഞ്ഞും മരങ്ങൾ ഉണങ്ങിവീണും ജന്തുക്കൾ ചത്തു മണ്ണോടുചേർന്നും അവയുടെ വിസർജ്ജ്യങ്ങളിൽ കൂടിയുമാണ് വനമണ്ണ് സമ്പുഷ്ടമാവുന്നത്. അതുകൊണ്ട് തന്നെ പച്ച മരത്തടികളുംചുരുക്കം ചിലതൊഴിച്ചുള്ള പച്ചിലയിനങ്ങളും പച്ചയായി മണ്ണിൽ വെട്ടിയിടരുതെന്ന സുഭാഷ് പാലേക്കറുടെ നിലപാട് യുക്തി സഹമായി തോന്നുന്നു. എന്നാൽ പരമ്പരാഗത ജൈവകൃഷി രീതിയിൽ കിട്ടാവുന്നത്രതരം പച്ചിലകൾ കൃഷിയിലിട്ടു ചീയാൻ അനുവദിച്ചിരുന്നു. അതനുസരിച്ച് മണ്ണിന്റെ പശിമയും വിളവിന്റെ അളവും ഗുണവും വർദ്ധിച്ചുമിരുന്നു. എന്നാൽ സീറോബജറ്റ് രീതിയിൽ ശീമകൊന്ന, പയറിനങ്ങൾ, മന്ദാരം പോലുള്ള ചില ചെടികളുടെ പച്ചിലകൾ മാത്രമേ ഗുണമുള്ളു എന്നു പറയുന്നു. സുഭാഷ് പാലേക്കറോട് വളരെയേറെ ബഹുമാനവും സ്നേഹവുമുള്ള ഒരാളാണ് ഇത് കുറിക്കുന്നത് മണ്ണിനേയും ജീവ ജാലങ്ങളേയും വിഷം വച്ചു കൊല്ലാകൊല ചെയ്യുന്ന രാസകൃഷരീതിയിൽ നിന്നും ജനങ്ങളെ ദോഷരഹിതമെന്നും വിശേഷിപ്പിക്കപ്പെടുന്ന മറ്റൊരു രീതിയിലേക്ക് വലിയ തോതിൽ ആകർഷിക്കുന്ന ഈ Crowd Puller ഓട് വലിയ മതിപ്പു തോന്നിയിട്ടുണ്ട്. പാലേക്കറുടെ ജീവാമൃതം ഉണ്ടാക്കി സ്വയം വീട്ടുകൃഷിയിൽ പ്രയോഗിച്ചു നോക്കിയിട്ടുമുണ്ട്. തികച്ചും വസ്തുതാപരവും നിഷ്കളങ്കവുമായ ചില സംശയങ്ങൾ ഉന്നയിക്കുകമാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്. എന്തെന്നാൽ കേരളീയ സാഹചര്യത്തിൽ സീറോ ബജറ്റ് രീതിയുടെ അനുയോജ്യതയും സുസ്ഥിരതയും പ്രത്യേകം പരിശോധിച്ച് സ്ഥിരീകരിക്കേണ്ടതുണ്ടല്ലോ?



**ഡക്കാൺ പീഠഭൂമിയിലെ മണ്ണിന്റെ ധാതു ഘടനയും അമ്ലഷാനുപാതവും കാലാവസ്ഥയും കേരളത്തിലേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ അവിടെനിന്നും ഉരുതിരിച്ചെടുത്ത പ്രയോഗപാഠങ്ങൾ കേരളീയ സാഹചര്യത്തിൽ എത്രത്തോളം അനുയോജ്യമാകും.**

### അവസാനമായി ഒരുവാക്കുകൂടി:-

വിഷ കൃഷിയുടെ പ്രലോഭനങ്ങളിൽ വീഴാതെ ജൈവകൃഷി ചെയ്യുന്നവൻ പ്രകൃതിക്കും മനുഷ്യനും വേണ്ടി വലിയ സേവനം തന്നെയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ജൈവകൃഷിയെ പ്രകടമായി തന്നെ ഇകഴ്ത്തുന്നതരത്തിൽ ചിലപ്പോഴെങ്കിലും പാലേക്കർ സംസാരിക്കുന്നത് കേൾക്കുന്നവർക്ക് അരോചകമായി തോന്നും. പരസ്പര ബഹുമാനം പുലർത്താൻ അദ്ദേഹം ശ്രമിക്കേണ്ടതാണ്.